പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2373

23/03/2012-ൽ മറുപടിക്ക്

## ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ ഒഴിവുകൾ നികത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ്. | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി, (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| എ). സംസ്ഥാനത്തെ ടൗൺ പ്ലാനിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) സംസ്ഥാനത്തെ ടൗൺ പ്ലാനിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് പഠനം നടത്തി മേയ് 2010 ൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നിലവിലുള്ള ജോലിഭാരം കണക്കിലെടുത്ത് ഈ വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കുകയും 9/8/2011 ലെ സർക്കാർ ഉത്തരവ് (എം.എസ് )നം. 178/2011/തസ്വഭവ. പ്രകാരം 83 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) പ്രസ്തുത വിഭാഗത്തിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്താൻ നടപടി സ്വീകരിക്കുമോ; | ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത വകുപ്പിൽ പത്ത് വർഷത്തിന്മേൽ ദിവസക്കൂലിക്ക് ഡ്രൈവർ ആയി ജോലി ചെയ്യുന്ന എത്രപേർ ഉണ്ടെന്ന് അറിയിക്കുമോ; | സി) & ഡി) ടൗൺ പ്ലാനിംഗ് വകുപ്പിൽ ദിവസക്കൂലിയടിസ്ഥാനത്തിൽ നാല് ഡ്രൈവർമാർ ജോലി ചെയ്യുന്നുണ്ട്. ദിവസക്കൂലിയടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുവാൻ നിലവിൽ വ്യവസ്ഥയില്ല. |
| ഡി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ